കാണിക്കണമെന്ന് വ്യവസ്ഥയുള്ളു. അവയ്ക്ക് ന്യായവില പ്രകാരമുള്ള മുദ്ര വില തീർത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് നിയമം നിഷ്കർഷിക്കുന്നു. ഭൂമിയുടെ കൈമാറ്റം ഉൾപ്പെടാത്ത ആധാരങ്ങൾക്ക് ന്യായവില ബാധകമല്ല എന്ന കാര്യം മേൽപ്പറഞ്ഞ നിയമത്തിൽ തന്നെ വ്യക്തമാണ് എന്നതിനാൽ പ്രത്യേക നിർദ്ദേശം നൽകേണ്ടതായ സാഹചര്യം ഇല്ല.

ഭൂമിയുടെ ന്യായവില

237 (1995) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിശ്ചയിച്ച ഭൂമിയുടെ ന്യായവില തത്ക്കാലം നടപ്പാക്കേണ്ടതില്ല എന്ന് കാണിച്ച് വകുപ്പുതലത്തിൽ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ന്യായവില നിശ്ചയിച്ചതുമൂലം സർക്കാരിന് എത്ര അധിക വരുമാനം ലഭിച്ചു ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) 2005-06 മുതലുള്ള രജിസ്ട്രേഷൻ വകുപ്പിന്റെ വരുമാനം സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു.

2005-06	988.24 കോടി രൂപ
2006-07	1383.08 കോടി രൂപ
2007-08	1872.89 കോടി രൂപ
2008-09	1865.82 കോടി രൂപ
2009-10	1731.33 കോടി രൂപ

2010 ഏപ്രിൽ 1 മുതലാണ് ഭൂമിയുടെ ന്യായ വില സംസ്ഥാനത്ത് നടപ്പാക്കിയത്. നടപ്പ് സാമ്പത്തിക വർഷത്തിൽ നവംബർ മാസം വരെയുള്ള വരുമാനം 1445.82 കോടി രൂപയാണ്.

അലങ്കാര മത്സ്യകൃഷി

238 (1996) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് :

LIBRARY ARCHIVES Kerala Legislative Assembly